**പതിമൂന്നാം കേരള നിയമസഭ**
**പതിമൂന്നാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1152 12.03.2015ൽ മറുപടിയ്ക്ക്**

## <u>അതുല്യം പദ്ധതി</u>

| ചോദ്യം<br>ശ്രീ.സി.പി.മുഹമ്മദ് | ഉത്തരം<br>ശ്രീ.പി.കെ.അബ്ദു റബ്ബ്<br>(വിദ്യാഭ്യാസ വകുപ്പു മന്ത്രി) |
|---|---|
| (എ) സംസ്ഥാന സർക്കാർ സാക്ഷരതാമിഷൻ വഴി നടപ്പിലാക്കുന്ന അതുല്യം പദ്ധതിക്കുവേണ്ടി നടത്തിയ സർവ്വേയിൽ എത്ര ഗുണഭോക്താക്കളെ കണ്ടെത്താൻ കഴിഞ്ഞിട്ടുണ്ട്; സ്ത്രീ; പുരുഷ; ജില്ല; തിരിച്ചുള്ള കണക്കു നൽകാമോ; | (എ) അതുല്യം പദ്ധതിക്കായി 15 മുതൽ 50 വയസ്സ് വരെ പ്രായമുള്ള നാലാം തരം പാസ്സാകാത്ത 1,62,302 പേരും 50 വയസ്സിന് മുകളിൽ 1,21,794 പേരും ഉൾപ്പെടെ ആകെ 2,84,096 ഗുണഭോക്താക്കളെ കണ്ടെത്താൻ കഴിഞ്ഞിട്ടുണ്ട്. ജില്ലാ അടിസ്ഥാനത്തിലുള്ള സ്ത്രീ/പുരുഷ ഗുണഭോക്താക്കളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| (ബി) അതുല്യം പദ്ധതിക്കായി കണ്ടെത്തിയ ഗുണഭോക്താക്കൾക്കായി സംസ്ഥാനത്ത് എത്ര നാലാം തരം ക്ലാസുകൾ ആരംഭിച്ചിട്ടുണ്ട്; എത്ര ക്ലാസുകൾ ആരംഭിക്കുവാനുണ്ട്; വിശദമാക്കുമോ; | (ബി) അതുല്യം പദ്ധതിക്കായി കണ്ടെത്തിയ ഗുണഭോക്താക്കൾക്കായി സംസ്ഥാനത്തൊട്ടാകെ 11,298 നാലാംതരം പഠന ക്ലാസുകൾ ആരംഭിച്ചിട്ടുണ്ട്. ഇനി 2,685 പഠന ക്ലാസുകൾ കൂടി ആരംഭിക്കുവാനുണ്ട്. |
| (സി) പ്രസ്തുത പദ്ധതി വിജയിപ്പിക്കുന്നതിന് ഇതര സർക്കാർ വകുപ്പുകളുടെ പങ്കാളിത്തം കൂടി ഉറപ്പു വരുത്തുവാൻ നടപടിയെടുക്കുമോ; | (സി) മിഷൻ 676 വിദ്യാഭ്യാസ പദ്ധതിയിൽ ഉൾപ്പെടുത്തിയ പ്രസ്തുത പദ്ധതി വിദ്യാഭ്യാസ വകുപ്പിന്റെ മേൽനോട്ടത്തിൽ പഞ്ചായത്ത്, സാമൂഹ്യ ക്ഷേമം, നഗരകാര്യ ന്യൂനപക്ഷ ക്ഷേമം, ഗ്രാമ വികസനം, സഹകരണം, ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് എന്നീ വകുപ്പുകളുടെ പങ്കാളിത്തത്തോട് കൂടിയാണ് നടപ്പിലാക്കി വരുന്നത്. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

**അതുല്യം പദ്ധതിക്കായി കണ്ടെത്തിയ ഗുണഭോക്താക്കളുടെ സ്ത്രീ; പുരുഷ; ജില്ല; തിരിച്ചുള്ള കണക്ക്**

| ജില്ല | സ്ത്രീ | പുരുഷൻ |
|---|---|---|
| തിരുവനന്തപുരം | 13,025 | 7,984 |
| കൊല്ലം | 14,069 | 10,192 |
| പത്തനംതിട്ട | 1,943 | 689 |
| ആലപ്പുഴ | 11,194 | 7,413 |
| കോട്ടയം | 2,171 | 1,107 |
| ഇടുക്കി | 6,237 | 3,976 |
| എറണാകുളം | 7,360 | 10,550 |
| തൃശ്ശൂർ | 11,591 | 5,343 |
| പാലക്കാട് | 25,242 | 15,430 |
| മലപ്പുറം | 22,238 | 14,770 |
| കോഴിക്കോട് | 13,479 | 5,420 |
| വയനാട് | 9,654 | 7,571 |
| കണ്ണൂർ | 3,324 | 2,247 |
| കാസർഗോഡ് | 9,180 | 4,289 |

സെക്ഷൻ ഓഫീസർ